# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 26.09..2016-ൽ മറുപടിക്ക്

ചോദ്യം നമ്പർ -146

## ശ്രീ.വി.എ.അരുൺകുമാറിനെതിരെയുള്ള കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽ ദോസ് കുന്നപ്പിള്ളി | ശ്രീ. പിണറായി വിജയൻ<br>(മുഖ്യ മന്ത്രി) |
| എ) വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതിന്റെ പേരിൽ മുൻമുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദന്റെ മകൻ ശ്രീ. വി. എ. അരുൺകുമാറിനെതിരെ കേസ് എടുക്കുവാൻ വിജിലൻസ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;<br>ബി) ഇത് സംബന്ധിച്ച് വിജിലൻസിന് കേസ് എടുക്കാമെന്ന് നിയമ വകുപ്പിന്റെ ഉപദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം; | ശ്രീ.വി.എ.അരുൺ കുമാറിനെതിരെ അനധികൃത സ്വത്തു സമ്പാദനം ഉൾപ്പടെ ഉയർന്നു വന്ന അഴിമതി ആരോപണങ്ങളിന്മേൽ ഒരു വിജിലൻസ് അന്വേഷണം നടന്നു വരുന്നു. |
| സി) ഐ. സി. ടി. അക്കാദമി ഡയറക്ടറായി ശ്രീ. അരുൺ കുമാറിനെ നിയമിച്ചതിനു പിന്നിലും ഐ. എച്ച്. ആർ. ഡി.യിൽ സ്ഥാനക്കയറ്റം നേടിയതിനു പിന്നിലും ക്രമക്കേട് ഉണ്ടെന്ന നിയമസഭാ പ്രത്യേക സമിതിയുടെ റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ ? | സി) ഐ.സി.റ്റി. അക്കാഡമി ഡയറക്ടറായി ശ്രീ.വി.എ. അരുൺ കുമാറിനെ നിയമിച്ചതുമായി ബന്ധപ്പെട്ടും ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടർ ആകുവാൻ ടിയാന് യോഗ്യതയില്ലെന്നുമുള്ള ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പരാതിയെക്കുറിച്ച് അന്വേഷിച്ച പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടത്തിയ വിജിലൻസ് അന്വേഷണം പൂർത്തിയാവുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു വിജിലൻസ് കേസ് (വി.സി.01/2015/എസ്.ഐ.യു.II) രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. കേസിന്റെ അന്വേഷണം പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ